milma®

Malabar Regional Co-operative Milk Producers' Union Ltd.

Head Office: Peringolam, Kunnamangalam, Kozhikode, Kerala - 673 571

**No:MRU:P&I:15:MLP: 284** **17.08.2023**

## സർക്കുലർ 941/2023

വിഷയം :- അധിക പാൽ വില നൽകുന്നത് സംബന്ധിച്ച്-

സൂചന :- മലബാർ മേഖലാ യൂണിയൻ ഭരണസമിതിയുടെ 17.08.2023 തിയ്യതിയിലെ 55/(GEN)/4-ാം നമ്പർ തീരുമാനം.

മലബാർ മേഖലാ സഹകരണ ക്ഷീരോൽപ്പാദക യൂണിയൻ, ക്ഷീര കർഷകർക്ക് ഈ ഓണക്കാലത്ത് അധിക പാൽ വില നൽകുന്നതിന് തീരുമാനിച്ച വിവരം സന്തോഷപൂർവ്വം അറിയിക്കുന്നു. മേൽ സൂചന പ്രകാരം 2023 ജൂലൈ മാസം 1-ാം തിയ്യതി മുതൽ 31 വരെ മേഖലാ യൂണിയനിലേക്ക് പാൽ അയച്ച ആനന്ദ് മാതൃകാ ക്ഷീര സംഘങ്ങളിലെ ക്ഷീര കർഷകർക്ക് താഴെപ്പറയുന്ന മാനദണ്ഡങ്ങൾക്ക് വിധേയമായി അധിക പാൽവില അനുവദിക്കുന്നതിനാണ് ഭരണസമിതി തീരുമാനിച്ചിരിക്കുന്നത്.

**പാലിന്റെ ഗുണനിലവാരം (SNF%) അനുസരിച്ച് നിജപ്പെടുത്തിയിരിക്കുന്നു.**

| |
|---|
| 8.3 % SNF ഉം അതിന് മുകളിലും, അല്ലെങ്കിൽ മൊത്തം ഖരപദാർത്ഥങ്ങളുടെ അളവ് 12% എങ്കിലും ഉള്ള പാലിന് ലിറ്ററിന് 2 രൂപ പ്രകാരം. |
| 8.3 % ത്തിൽ താഴെ SNF ഉള്ള പാലിന് ലിറ്ററിന് 1 രൂപ 50 പൈസ പ്രകാരം. |

ക്ഷീര സംഘങ്ങൾ 11.08.2023 മുതൽ 20.08.2023 വരെയുള്ള പാൽവിലയിലൂടെ മിൽമയിൽ നിന്നും മേൽ പ്രകാരം ലഭിക്കുന്ന തുക പൂർണ്ണമായും ക്ഷീരകർഷകർക്ക് (സംഘം വിഹിതം ഉൾപ്പെടുത്തിയോ അല്ലാതെയോ) വിതരണം ചെയ്യേണ്ടതാണ്. ആയത് ക്യാഷ് ബുക്കിൽ 30.09.2023 നു മുമ്പായി രേഖപ്പെടുത്തി നിശ്ചിത മാതൃകയിൽ അതാത് പി & ഐ യൂണിറ്റ് അധികാരികൾക്ക്, 10.10.2023 നു മുമ്പായി സമർപ്പിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ കൃത്യമായി തുക വിതരണം നടത്താത്ത ക്ഷീര സംഘങ്ങൾക്ക് നൽകിയ അധികവില തിരികെ പിടിക്കുന്നതായിരിക്കും.

17/8/23.

**മാനേജിംഗ് ഡയറക്ടർ**

യൂണിയന് പാൽ നൽകുന്ന എല്ലാ ആനന്ദ് മാതൃകാ ക്ഷീര സംഘങ്ങൾക്കും

പകർപ്പ്- സീനിയർ മാനേജർ i/c, കോഴിക്കോട് ഡെയറി
എല്ലാ ഡെയറി മാനേജർമാർക്കും
ഡിസ്ട്രിക്റ്റ് / പി & ഐ യൂണിറ്റ് മേധാവികൾ, മാനേജർ, സി.പി.ഡി,
ഡിപ്പാർട്ട്മെന്റ് ഹെഡ്സ്, എച്ച്.ഒ, പി.എ റ്റു എം.ഡി,
അസിസ്റ്റന്റ് ഡയറക്ടർ (ഓഡിറ്റ്)

**2023 ജൂലൈ 1 മുതൽ ജൂലൈ 31 വരെ അധിക പാൽ വില നൽകിയതിന്റെ വിശദവിവരം**

ജില്ല/യൂണിറ്റ് : കോഡ് നമ്പർ:

1. സംഘത്തിന്റെ പേര് : ....................................ക്ഷീരോൽപ്പാദക സഹകരണ സംഘം
2. 2023 ജൂലൈ 1 മുതൽ ജൂലൈ 31 വരെ ആകെ സംഭരണം : --------- ലിറ്റർ
3. 2023 ജൂലൈ 1 മുതൽ ജൂലൈ 31 വരെ പ്രാദേശിക വിൽപ്പന : --------- ലിറ്റർ
4. 2023 ജൂലൈ 1 മുതൽ ജൂലൈ 31 വരെ ഡെയറി വിൽപ്പന : --------- ലിറ്റർ
5. 2023 ജൂലൈ 1 മുതൽ ജൂലൈ 31 വരെ മിൽമയിൽ നൽകിയ
   പാലിന്റെ ശരാശരി SNF % : ---------
6. സംഘത്തിന് അർഹമായ അധിക പാൽ വില : ---------- രൂപ
   (.......... രൂപ പ്രകാരം)
7. 2023 ജൂലൈ 1 മുതൽ ജൂലൈ 31 വരെ സംഭരിച്ച പാലിന്
   കർഷകർക്ക് വിതരണം ചെയ്ത അധിക പാൽ വില : ---------- രൂപ

2023 ജൂലൈ 1 മുതൽ ജൂലൈ 31 വരെ സംഘം സംഭരിച്ച .................................... ലിറ്റർ പാലിന് അധികവിലയായി................................രൂപ(..................................................................................... രൂപ) ........................ തിയ്യതി കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. ആയത്...................... തിയ്യതി ...................... നമ്പർ കാഷ് ബുക്ക് പേജിൽ ചെലവ് എഴുതിയിട്ടുണ്ടെന്ന് സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം/ തിയ്യതി

(സീൽ)

പ്രസിഡന്റ് സെക്രട്ടറി (ഒപ്പ്)

.....................................................................ക്ഷീരോൽപ്പാദക സഹകരണ സംഘം 2023 ജൂലൈ 1 മുതൽ ജൂലൈ 31 വരെ സംഭരിച്ച പാലിന് കർഷകർക്ക് നൽകിയ അധിക വിലയുടെ കണക്ക് .......................തിയ്യതി പരിശോധിച്ചു. ആയതിനാൽ ......................രൂപ ക്ഷീര കർഷകർക്ക് അധിക പാൽ വിലയായി നൽകിയിട്ടുണ്ടെന്ന് സാക്ഷ്യപ്പെടുത്തുന്നു.

HQ ഇൻചാർജ്ജ്
പേര്, ഒപ്പ്
തിയ്യതി

DOH/UH
പേര്, ഒപ്പ്
തിയ്യതി